**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4607** **13-03-2023 - ൽ മറുപടിയ്ക്ക്**

**തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻ വാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലുള്ള തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻ വാടി നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനി വിജ്ഞാൻവാടി നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിജ്ഞാൻ വാടിയിലേക്കായി കഴിഞ്ഞ വർഷം അനുവദിച്ച പ്രിന്ററും കമ്പ്യൂട്ടറും സ്ഥാപിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ; എത്രയും വേഗം ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത വിജ്ഞാൻവാടിയിലേക്കായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയിരുന്നു. പ്രിന്റർ വാങ്ങുന്നതിനുള്ള നടപടി നടപ്പ സാമ്പത്തിക വർഷത്തെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിജ്ഞാൻ വാടിയിലെ ഇന്റർനെറ്റ് കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി പുനസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ആവർത്തന ചെലവിനത്തിലെ ഫണ്ട് ലഭ്യത അനുസരിച്ച് ഇന്റർനെറ്റ് കണക്ഷൻ പുനസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ